(ഇ) ഇല്ല.

(എഫ്) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നാൽ മാത്രമേ സ്ഥിര നിയമനം നടത്താനാകുകയുള്ളൂ.

(ജി) ഡെപ്യൂട്ടേഷൻ വഴി അദ്ധ്യാപകരെയും ഇൻസ്ട്രക്ടർമാരേയും നിയമിക്കുന്നുണ്ട്.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

65 (3706) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ സ്ഥിര ജീവനക്കാരെത്രയെന്നും താത്കാലിക നിയമനം ലഭിച്ചവർ എത്രയെന്നും വിശദമാക്കുമോ ;

(സി) ഇപ്പോൾ ഈ സർവ്വകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ എത്ര ഒഴിവുകളുണ്ട് ;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) താത്കാലിക നിയമനം ലഭിച്ച ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് നിയമനത്തിനായി എഴുത്തു പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ജി) എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ; ഈ ലിസ്റ്റിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(എച്ച്) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നട പടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഐ) ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 80 ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉണ്ട്.

(ബി) എല്ലാവരും താൽക്കാലിക ജീവനക്കാരാണ്.

(സി) 80 ഒഴിവുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിലേക്കായി സർവ്വകലാശാല അപേക്ഷ ക്ഷണിക്കുകയും ഐ. എം. ജി. യെ പരീക്ഷ നടത്തിപ്പിന്റെ ചുമതല ഏൽപ്പിക്കുകയും, ഐ. എം. ജി. ഈ പരീക്ഷകളുടെ ഫലം യൂണിവേഴ്സിറ്റിയെ ഏൽപ്പിക്കുകയും, അതിൽമേൽ മേൽനടപടികൾ എടുത്തു വരികയുമാണ്.

(ഇ) ഇല്ല.

(എഫ് & ജി) എഴുത്ത് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടിക്കാഴ്ചയ്ക്കുശേഷമേ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുകയുള്ളൂ.

(എച്ച്) എഴുത്ത് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. കൂടിക്കാഴ്ചയുടെ തീയതിയും മറ്റും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

(ഐ) 80 പേർക്ക് നിയമനം ലഭിക്കും.

ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിലെ താല്ക്കാലിക ജീവനക്കാർ

66 (3707) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീ ശങ്കരചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ ഒൻപതു വർഷത്തോളമായി ജോലി ചെയ്തു വരുന്ന ജീവനക്കാരെ പിരിച്ചുവിടാൻ യൂണിവേഴ്സിറ്റി നീക്കം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1992 മുതൽ യൂണിവേഴ്സിറ്റിയിൽ പണി എടുക്കുന്ന ജീവനക്കാരെ പിരിച്ചുവിടാനുള്ള യൂണിവേഴ്സിറ്റിയുടെ നിലപാട് പുനഃപരിശോധിക്കുന്നതിനും പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ സർക്കാർ യൂണിവേഴ്സിറ്റിയെ ഉപദേശിക്കുമോ ?

ഉത്തരം

(എ & ബി) സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥയനുസരിച്ച് യൂണിവേഴ്സിറ്റിയിലാണ് നിയമനം നടത്തുന്നതിനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥയ്ക്കനുസൃതമല്ലാതെ നടത്തിയ നിയമനങ്ങൾ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് റദ്ദു ചെയ്യപ്പെട്ടിട്ടുള്ളത്. അത്തരം ജീവനക്കാരെ പിരിച്ച്വിട്ട് നിയമാനുസൃതം നിയമനം നടത്താൻ യൂണിവേഴ്സിറ്റി നടപടി എടുത്തു വരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന് ഇടപെടാൻ നിർവാഹമില്ല.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ

67 (3708) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണെന്ന വസ്തുത പരിഹരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly